കേരള സർക്കാർ

സംഗ്രഹം

**തദ്ദേശസ്വയംഭരണ വകുപ്പ് – എറണാകുളം ജില്ലയിലെ കച്ചേരിപ്പടി ആയുർവേദാശുപത്രി കെട്ടിടനിർമ്മാണ എസ്റ്റിമേറ്റിന് പരിധിയിൽ കവിഞ്ഞ തുകയ്ക്ക് സാങ്കേതികാനുമതി നൽകിയത്- ജുഡീഷ്യൽ ബിൽഡിംഗ്സ് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ (സാധാ)നം: 944/2012/തസ്വഭവ** **തിരുവനന്തപുരം, തീയതി:29/3/2012**

---

**പരാമർശം:- 1. സ.ഉ (എം.സ്) നം.249/07/തസ്വഭവ തീയതി: 1/11/2007**

**2. എറണാകുളം നീതിന്യായ കെട്ടിടവിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ 30/9/11-ലെ D.L.T.C/03/2007-08 നമ്പർ കത്ത്.**

**3. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 21/1/12-ലെ ഡിബി-2/267/2011/സിഇ/തസ്വഭവ നമ്പർ കത്ത്.**

**ഉത്തരവ്**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2 കോടിയിൽ അധികം വരുന്ന എസ്റ്റിമേറ്റിന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അദ്ധ്യക്ഷനായ സമിതിയാണ് അംഗീകാരം നൽകേണ്ടത് എന്ന പരാമർശം (1) സർക്കാർ ഉത്തരവ് നിലനിൽക്കേ പ്രസ്തുത ഉത്തരവിനെക്കുറിച്ചറിയാതെ എറണാകുളം ജില്ലയിലെ കച്ചേരിപ്പടി ആയുർവേദാശുപത്രി കെട്ടിട നിർമ്മാണത്തിനായുള്ള 234.50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകിയ നടപടിയ്ക്ക് സാധൂകരണം നൽകണമെന്ന് എറണാകുളം ജുഡീഷ്യൽ സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയർ പരാമർശം (2) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. ആശുപത്രിയുടെ പ്രവർത്തിയായതിനാൽ അടിയന്തിര പ്രാധാന്യമുള്ളതിനാലും മന:പൂർവ്വമല്ലാത്ത കാരണത്താലും ടി എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകിയ ഡി.എൽ.റ്റി.സി കൺവീനറായ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ നടപടിയ്ക്ക് സാധൂകരണം നൽകാവുന്നതാണെന്ന് പരാമർശം (3) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (1) സർക്കാർ ഉത്തരവ് മറികടന്ന് എറണാകുളം ജില്ലയിലെ കച്ചേരിപ്പടി ആയുർവേദാശുപത്രി കെട്ടിട നിർമ്മാണത്തിന് 234.50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകിയ എറണാകുളം ജുഡീഷ്യൽ സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**വി.ശോഭ**

ഗവ.അഡീഷണൽ സെക്രട്ടറി

സെക്രട്ടറി,ജില്ലാപഞ്ചായത്ത്, എറണാകുളം

സൂപ്രണ്ടിംഗ് എഞ്ചിനീയർ, (തദ്ദേശസ്വയംഭരണ വകുപ്പ്)

സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയം,

നീതിന്യായ കെട്ടിട വിഭാഗം, ഇടപ്പള്ളി, എറണാകുളം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ) തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ, (LBA&A), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.